# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 206 30/11/2015-ൽ മറുപടിയ്ക്ക്**

**മാഞ്ഞൂർ പഞ്ചായത്ത് മത്സ്യമാർക്കറ്റ് നവീകരണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മോൻസ് ജോസഫ്:** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിനു വേണ്ടി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്ത് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതു സംബന്ധിച്ച 7245/സി2/2015 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;<br><br>(ബി) മാഞ്ഞൂർ മത്സ്യമാർക്കറ്റ് നവീകരണം സംബന്ധിച്ച ഫയലിൽ തീരുമാനം കൈക്കൊള്ളുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് ഉണ്ടായിട്ടുള്ള ഭരണപരവും സാങ്കേതികവുമായിട്ടുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ? | (എ) യും (ബി) യും | കോട്ടയം ജില്ലയിലെ മാഞ്ഞൂർ മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. ടി പ്രോജക്ടിന്റെ മൊത്തം തുക 100 ലക്ഷം രൂപയും, 90% എൻ.എഫ്.ഡി.ബി വിഹിതവും 10% കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഹിക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതുമാണ്. മാഞ്ഞൂർ മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് സഹിതം വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കാൻ 7245/സി2/2015 നമ്പർ ഫയലിൽ ഫിഷറീസ് ഡയറക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്. ടി പ്രൊജക്ടിന്റെ ഫണ്ടിംഗ് പാറ്റേൺ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ വ്യക്തമായ വിവരവും 14/9/12-ൽ എൻ.എഫ്.ഡി.ബി അനുമതി ലഭിച്ച പ്രൊജക്ട് ഇനിയും validity ഉണ്ടോയെന്നുള്ള വിവരവും അടിയന്തിരമായി അറിയിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**